**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1957** **16-03-2022 - ൽ മറുപടിയ്ക്ക്**

**സന്തുഷ്ട കേരളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ വി ജോയി,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **null<br>(മുഖ്യമന്ത്രി)** | |
| (എ) | വികസന സൂചികയിൽ ആഗോള നിലവാരം എന്ന ലക്ഷ്യവും സദ്ഭരണം മുദ്രാവാക്യവുമായിട്ടുള്ള സർക്കാരിന്റെ സേവന നിലവാരം പരാതി രഹിതമാക്കുന്നതിൽ സിവിൽ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പൂർണ്ണ തോതിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. സിവിൽ സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ കീഴിലുള്ള മികവിന്റെ കേന്ദ്രം മുഖേന സർവ്വീസിൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്നവർക്കും നിലവിലുള്ളതുമായ ജീവനക്കാർക്ക്, അവരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേക്കായി സർവ്വീസ് സംബന്ധമായ വിവിധ വിഷയങ്ങളിൽ തുടർച്ചയായ പരിശീലന പരിപാടികൾ നൽകി വരുന്നു. കൂടാതെ, സംസ്ഥാനത്ത് 2022 ആഗസ്റ്റ് മാസത്തോടെ പൂർണ്ണമായും ഡിജിറ്റലൈസേഷൻ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ് മെന്റ് ഇൻ ഗവൺമെന്റിൽ 2022 ജൂൺ മാസത്തോട് കൂടി NIC യുടെ സാങ്കേതിക സഹായത്തോടെ 100% e-office നിർബന്ധമായും പൂർത്തീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്. സംസ്ഥാനത്തെ സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനുമായി സമഗ്രമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ലക്ഷ്യമിട്ടാണ് നാലാം ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിച്ചത്. 30.04.2021 ന് കാലാവധി പൂർത്തീകരിച്ച കമ്മീഷൻ 13 റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ഭരണ നവീകരണവും സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുന്നതിനായുള്ള നിരവധി നിർദ്ദേശങ്ങൾ കമ്മീഷൻ റിപ്പോർട്ടുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പ്രസ്തുത റിപ്പോർട്ടുകൾ വിലയിരുത്തി നടപ്പിലാക്കുവാനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സെക്രട്ടറിമാരുടെ സമിതി രൂപികരിക്കുകയും പ്രസ്തുത സമിതി നാളിതുവരെ 8 റിപ്പോർട്ടുകൾ പരിശോധിച്ച് ശിപാർശകൾ സമർപ്പിച്ചിട്ടുമുണ്ട്. പ്രസ്തുത ശിപാർശകൾ സർക്കാരിന്റെ പരിഗണനയിലാണ്. ജീവനക്കാരുടെ കാര്യക്ഷമതയും ഫലപ്രാപ്തിയും നിലനിർത്തുവാനും വികസിപ്പിക്കുവാനും ഭരണമികവിലേക്കുള്ള പരിശ്രമം സുഗമമാക്കുന്നതിനായി എല്ലാ സംസ്ഥാന സർക്കാർ ജീവനക്കാർക്കും പരിഷ്കരിച്ച സംസ്ഥാന പരിശീലന നയപ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് മുഖേന പരിശീലനം നൽകി വരുന്നു. സർക്കാർ ഓഫീസുകളിൽ പൊതുജനങ്ങളോട് മാന്യമായ പരിഗണനയും പെരുമാറ്റവും മുതിർന്ന പൗരന്മാർക്ക് മുൻഗണന നൽകുന്നത് സംബന്ധിച്ചും സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾക്ക് കൈപ്പറ്റ് രസീത് നൽകുന്നത് സംബന്ധിച്ചും നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ സേവനം സമയബന്ധിതമായി ലഭ്യമാക്കുവാൻ ഉതകുന്ന തരത്തിൽ ഒാരോ വകുപ്പിലും അതത് വകുപ്പിന് കീഴിൽ വരുന്ന സ്ഥാപനങ്ങളിലും കാലാനുസൃതമായി ഭേദഗതി ചെയ്യപ്പെട്ട നിയമങ്ങൾ/ചട്ടങ്ങൾ എന്നിവയ്ക്കനുസൃതമായി വിവിധ ആവശ്യങ്ങൾക്കുള്ള അപേക്ഷാ ഫോറങ്ങൾ ലളിതമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും അതോടൊപ്പം സർക്കാർ ഓഫീസുകളിൽ നിന്നുള്ള എല്ലാ ഒൗദ്യോഗിക രേഖകളും വ്യക്തവും ലളിതവുമായ ഭാഷയിൽ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | സന്തുഷ്ട കേരളം രൂപപ്പെടുത്തുന്നതിന് നവകേരള നിർമ്മാണ പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്ന സർക്കാരിന്റെ പ്രവർത്തനം ഫലവത്താക്കാനും സർക്കാർ പ്രവർത്തന സംവിധാനം ജനേച്ഛക്കൊത്തുയരാനുമായി സിവിൽ സർവ്വീസിലെ അഴിമതിയും കെടുകാര്യസ്ഥതയും മാന്യതയില്ലാതെയുള്ള ഇടപ്പെടലുകളും അവസാനിപ്പിക്കാൻ ശക്തമായ നടപടികൾ ഉണ്ടാകുമോ; | (ബി) | സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പൂർണ്ണ തോതിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. സിവിൽ സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ കീഴിലുള്ള മികവിന്റെ കേന്ദ്രം മുഖേന സർവ്വീസിൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്നവർക്കും നിലവിലുള്ളതുമായ ജീവനക്കാർക്ക്, അവരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേക്കായി സർവ്വീസ് സംബന്ധമായ വിവിധ വിഷയങ്ങളിൽ തുടർച്ചയായ പരിശീലന പരിപാടികൾ നൽകി വരുന്നു. കൂടാതെ, സംസ്ഥാനത്ത് 2022 ആഗസ്റ്റ് മാസത്തോടെ പൂർണ്ണമായും ഡിജിറ്റലൈസേഷൻ |

നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇൻസ്റ്റിറ്റ്യൂട്ട് ഒാഫ് മാനേജ് മെന്റ് ഇൻ ഗവൺമെന്റിൽ 2022 ജൂൺ മാസത്തോട് കൂടി NIC യുടെ സാങ്കേതിക സഹായത്തോടെ 100% e-office നിർബന്ധമായും പൂർത്തീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്. സംസ്ഥാനത്തെ സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനുമായി സമഗ്രമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ലക്ഷ്യമിട്ടാണ് നാലാം ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിച്ചത്. 30.04.2021 ന് കാലാവധി പൂർത്തീകരിച്ച കമ്മീഷൻ 13 റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ഭരണ നവീകരണവും സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുന്നതിനായുള്ള നിരവധി നിർദ്ദേശങ്ങൾ കമ്മീഷൻ റിപ്പോർട്ടുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ വിലയിരുത്തി നടപ്പിലാക്കുവാനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സെക്രട്ടറിമാരുടെ സമിതി രൂപികരിക്കുകയും പ്രസ്തുത സമിതി നാളിതുവരെ 8 റിപ്പോർട്ടുകൾ പരിശോധിച്ച് ശിപാർശകൾ സമർപ്പിച്ചിട്ടുമുണ്ട്. പ്രസ്തുത ശിപാർശകൾ സർക്കാരിന്റെ പരിഗണനയിലാണ്. ജീവനക്കാരുടെ കാര്യക്ഷമതയും ഫലപ്രാപ്തിയും നിലനിർത്തുവാനും വികസിപ്പിക്കുവാനും ഭരണമികവിലേക്കുള്ള പരിശ്രമം സുഗമമാക്കുന്നതിനായി എല്ലാ സംസ്ഥാന സർക്കാർ ജീവനക്കാർക്കും പരിഷ്കരിച്ച സംസ്ഥാന പരിശീലന നയപ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് മുഖേന പരിശീലനം നൽകി വരുന്നു. സർക്കാർ ഓഫീസുകളിൽ പൊതുജനങ്ങളോട് മാന്യമായ പരിഗണനയും പെരുമാറ്റവും മുതിർന്ന പൗരന്മാർക്ക് മുൻഗണന നൽകുന്നത് സംബന്ധിച്ചും സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾക്ക് കൈപ്പറ്റ് രസീത് നൽകുന്നത് സംബന്ധിച്ചും നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ സേവനം സമയബന്ധിതമായി ലഭ്യമാക്കുവാൻ ഉതകുന്ന തരത്തിൽ ഒാരോ വകുപ്പിലും അതത് വകുപ്പിന് കീഴിൽ വരുന്ന സ്ഥാപനങ്ങളിലും കാലാനുസൃതമായി ഭേദഗതി ചെയ്യപ്പെട്ട നിയമങ്ങൾ/ചട്ടങ്ങൾ എന്നിവയ്ക്കനുസൃതമായി വിവിധ ആവശ്യങ്ങൾക്കുള്ള അപേക്ഷാ ഫോറങ്ങൾ ലളിതമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും അതോടൊപ്പം സർക്കാർ ഓഫീസുകളിൽ നിന്നുള്ള എല്ലാ ഒൗദ്യോഗിക രേഖകളും വ്യക്തവും ലളിതവുമായ ഭാഷയിൽ ആക്കുന്നതിനുള്ള

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | സേവനങ്ങൾ സമയബന്ധിതമായും സുതാര്യമായും ഓഫീസുകളിൽ കയറിയിറങ്ങാതെ ലഭിക്കത്തക്ക രീതിയിലും ആക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യയുടെ പ്രയോഗം വിപുലപ്പെടുത്തിയിട്ടുണ്ടോ? | (സി) | സർക്കാർ ഓഫീസുകൾ കയറിയിറങ്ങാതെ തന്നെ ജനങ്ങൾക്ക് തങ്ങളുടെ വീടുകളിൽ ഇരുന്നുതന്നെ സർക്കാരിന്റെ എല്ലാ സേവനങ്ങളും ഒരു ഏകീകൃത പോർട്ടലിലൂടെ ലഭ്യമാക്കുന്നതിനായി, എല്ലാ വകുപ്പുകളുടെയും ഓൺലൈൻ സേവനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട്, "e-സേവനം" എന്ന കേന്ദ്രീകൃത സർവ്വീസ് പോർട്ടലും "m-സേവനം" എന്ന മൊബൈൽ ആപ്ലിക്കേഷനു രൂപം നൽകുകയും അവ 01.10.2021 ൽ ഉദ്ഘാടനം ചെയ്യുകയുമുണ്ടായി. https://services.kerala.gov.in എന്ന URL മുഖേന വിവിധ വകുപ്പുകളുടെ സേവനങ്ങൾക്കായി പൊതുജനങ്ങൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. e-സേവനം എന്ന കേന്ദ്രീകൃത സർവ്വീസ് പോർട്ടലിൽ വിവിധ വകുപ്പുകളുടെ 700 ലധികം സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. വകുപ്പ് അടിസ്ഥാനത്തിലും ഉപയോക്താക്കളുടെ അടിസ്ഥാനത്തിലും സേവനങ്ങളെ രണ്ടായി തരം തിരിച്ചാണ് പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ജനങ്ങൾക്ക് സേവനങ്ങൾ വേഗത്തിൽ പോർട്ടലിൽ കണ്ടെത്തുന്നതിനായി സേവനങ്ങളെ ഉപയോക്താക്കളുടെ അടിസ്ഥാനത്തിൽ കർഷകർ, വിദ്യാർത്ഥികൾ, സ്ത്രീകളും കുട്ടികളും എന്നിങ്ങനെ വിവിധ വിഭാഗങ്ങളായി തരംതിരിച്ചിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകളുടെ സേവനങ്ങൾ അക്ഷരമാല ക്രമത്തിലും ലഭ്യമാണ്. ഇതിനു പുറമേ സർക്കാരിന്റെ വിവിധ വകുപ്പുകൾ പുറപ്പെടുവിക്കുന്ന, സർക്കുലറുകൾ, ഉത്തരവുകൾ, അറിയിപ്പുകൾ, വിജ്ഞാപനങ്ങൾ, ടെൻഡറുകൾ എന്നിവയെല്ലാം ഒറ്റ പ്ലാറ്റ്ഫോമിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ഡോക്യുമെന്റ് പോർട്ടലും (https://document.kerala.gov.in) വികസിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ